ഓട്ടംതുള്ളൽ

# സാഹിത്യ ശാപമോക്ഷം!

ഇളമത ജോൺ

കണ്ടില്ലന്നുനടിച്ചു വശായ്
കൊണ്ടുപിടിച്ചൊരു സരസ്വതിപൂജ!
പേന എടുത്തവരൊക്കെയെഴുതി
പേക്കൂത്തെന്നതു നിജമില്ലാതെ

പൊറം ചൊറിയലുകണ്ടുമടുത്തു
പുകഴ്ത്തലുകൾ കണ്ടുമടുത്തു
ക്രാഫിറ്റില്ലാതെ എഴുതുന്നോരു
വീമ്പുപറഞ്ഞു നടന്നീടുന്നു

എന്തിനുപറയിട്ടിവിടെ വിശേഷം
സ്വന്തംകൃതികൾ എഴുതുന്നോര്
എന്തിനെഴുതണമെന്നൊരു മട്ടിൽ
അന്തംവിട്ടു നടന്നീടുന്നു

സാഹിത്യത്തിൻ ശിരോമണികൾ
സന്തതമവരുടെജാഡകൾ കാട്ടി
പൊതുജനമദ്ധ്യത്തദ്ധവായുവിട്ടു
പുതിയൊരു ശ്രദ്ധക്ഷണിക്കും കൂട്ടർ

പേരില്ലാത്തൊരു കൂട്ടർ
മുഖംമൂടിയണിഞ്ഞൊരുകൂട്ടർ
നട്ടെല്ലില്ലാ ഞാഞ്ഞൂലുകളവർ
പലപല പേരിൽ പറ്റിക്കുന്നു

വിഷപ്പാൽ ചുരത്തിനടക്കും
പൂതനകളുണ്ടവിടെങ്ങും
കലപല ചൊല്ലിനടീടുന്നു
ചുളവിൽ തെളിയാൻ മോഹിച്ച്

പെണ്ണൊരുവളെഴുതിയാൽ
പിന്നൊരു പൂരംപറയാനില്ല
പുകഴ്ത്തലുതന്നെ,തന്നേംപിന്നേം
മതിമറന്നൊരു പുകഴ്ത്തലുതന്നെ!

ഒന്നിനുമില്ലിവിടൊരു ചിട്ട
വന്നവനക്കെ പേന എടുത്താൽ
സാഹിത്യത്തിൻ ഗതി,ദുർഗതി!
സംസ്ക്കാരത്തിൻ അധോഗതി!!